പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1951 22-03-2012-ൽ മറുപടിക്ക്.

## വർദ്ധിച്ചുവരുന്ന മദ്യാസക്തിയും ബോധവൽക്കരണ പ്രവർത്തനങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി : | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആദിവാസി കോളനികളിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും വ്യാപകമായ ഉപയോഗവും അനധികൃത വില്പനയും മൂലം കോളനികളിലെ സമാധാനാന്തരീക്ഷം തകർക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതു തടയുന്നതിനും കോളനികളിലെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആദിവാസി കോളനികളിൽ മദ്യ - മയക്കുമരുന്ന് ഉപയോഗത്തിനെതിരായി, എക്സൈസ് വകുപ്പ്, മറ്റ് വകുപ്പുകളുമായി ചേർന്ന്, സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. 18 കേസ് രജിസ്റ്റർ ചെയ്തു. 16 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) | സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരായി ബോധവൽക്കരണ പ്രവർത്തനങ്ങൾ അടക്കമുള്ള ഫലപ്രദമായ നടപടികൾ സർക്കാർ നടപ്പാക്കുമോ? | (സി) | എക്സൈസ് വകുപ്പ്, മദ്യ-മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത്, സംസ്ഥാനത്തുടനീളം നടപ്പാക്കി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടി.വി.ചാനലുകൾ, എഫ്.എം. റേഡിയോ, വാരികകൾ, മറ്റ് സർക്കാർ -സർക്കാരിതര ഏജൻസികൾ എന്നിവരുടെ സഹകരണത്തോടുകൂടി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ